/270375/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ:DT/5117/2022-A5 തീയതി: 30-01-2023

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ (2021-2023) ഒന്നാമത് റിപ്പോർട്ടിലെ പൊതു ശുപാർശ -റിപ്പോർട്ട് സർക്കാരിൽ നൽകുന്നത് - സംബന്ധിച്ച്

സൂചന:- C4/248/2022/തൊഴിൽ നമ്പരായ 16.12.2023 ലെ സർക്കർ കത്ത്

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ (2021-2023) ഒന്നാമത് റിപ്പോർട്ടിലെ പൊതു ശുപാർശയിൽ ചുവടെ പറയുന്ന കാര്യങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

1. സംസ്ഥാനത്തെ എല്ലാ ഓഫീസുകളുടെയും /വിഭാഗങ്ങളുടെയും പേര്, ഓഫീസർമാരുടെ പേര്/ ഉദ്യോഗ പേര് എന്നിവ മലയാളത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.
2. സേവനാവകാശം / വിവരാവകാശം സംബന്ധിച്ച അറിയിപ്പുകളും മറ്റ് പൊതുനിർദ്ദേശങ്ങളും സാധാരണക്കാർക്ക് വ്യക്തമാകുന്ന വിധം മലയാളത്തിൽ പ്രദർശിപ്പിക്കുക. എല്ലാ നാമഫലകങ്ങളിലും മലയാളം കൂടി ഉൾപ്പെടുത്തുക
3. സർക്കാർ വാഹനങ്ങളിൽ വകുപ്പിന്റെ പേര് മലയാളത്തിലും പ്രദർശിപ്പിക്കുക
4. പൊതുജനങ്ങൾ ഉപയോഗിക്കുന്ന എല്ലാത്തരത്തിലുമുള്ള സർക്കാർ ഫാറങ്ങളും നിർദ്ദേശങ്ങളും ഇംഗ്ലീഷിലും മലയാളത്തിലും പ്രിന്റ് ചെയ്യുക.

SIVASANKARAN K P, ADT DTTVPM, O/O ADT DTTVPM

**സ്വീകർത്താവ്:-** എല്ലാ സ്ഥാപന മേധാവികൾക്കും (വകുപ്പ് വെബ്സൈറ്റ് മുഖേന)
**പകർപ്പ്:-** എല്ലാ സെക്ഷൻ സൂപ്രണ്ട് മാർക്കും ( **ട്രെയിനിംഗ് ഡയറക്ടറേറ്റ്** ) ഖണ്ഡിക 4 സംബന്ധിച്ച റിപ്പോർട്ട് രണ്ട് ദിവത്തിനുള്ളിൽ എ5 സെക്ഷന് നൽകേണ്ടതാണ്)